**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **13-10-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഇതര സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി./ എസ്.ടി. വിദ്യാർഥികൾക്ക് എന്തെങ്കിലും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ഒരു പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ? | (എ) | ഉണ്ട്. സ.ഉ. (അച്ചടി) നം.50/2009/പജപവവിവ തീയതി 02/07/2009 പ്രകാരമാണ് അന്യസംസ്ഥാനത്ത് പഠനം നടത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ/ കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ/എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷകൾ വഴിയോ, CAT, MAT, JEF, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷകൾ വഴിയോ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ കോഴ്സ് ഫീസ് സ്ട്രക്ച്ചർ പ്രകാരമുള്ള ഫീസ്, ഹോസ്റ്റൽ ഫീസ്, ലംപ്സം ഗ്രാന്റ് എന്നിവയാണ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ